ഇടശ്ശേരി സ്മാരക സമിതി
ഇടശ്ശേരി സാഹിത്യ മന്ദിരം
പൊന്നാനി 679 577
മലപ്പുറം ജില്ല

(1955 ലെ 12-ാംമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘ ങ്ങൾ
റജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് ക്രമനമ്പർ 217 വർഷം 1979)

# അറിയിപ്പ്
# ഇടശ്ശേരി പുരസ്കാരം 2023
# ഫലപ്രഖ്യാപനം

2023 ലെ ഇടശ്ശേരി പുരസ്കാരം ദേവദാസ് വി.എം രചിച്ച ചെറുകഥകളുടെ സമാഹാരമായ 'കാടിനു നടുക്കൊരു മരം' എന്ന പുസ്തകത്തിന് നൽകാൻ തീരുമാനിച്ചു. 50,000 രൂപയും പ്രശസ്തി ഫലകവുമടങ്ങുന്നതാണ് പുരസ്കാരം. 2023 ഡിസംബർ 23 ന് പൊന്നാനിയിൽ വച്ച് ഇടശ്ശേരി അനുസ്മരണവേളയിൽ പുരസ്കാരം സമർപ്പിക്കും.

ചരിത്രത്തേയും പൈതൃകസംസ്കൃതിയെയും സമകാലജീവിത പരിതോവസ്ഥകളോട് തികഞ്ഞ ശില്പചാതുരിയോടെ ചേർത്തു വെക്കുന്ന കഥകളാണ് ദേവദാസിന്റേത്. അതേസമയം പുതുകാലത്തിന്റെ കടുതിക്തതങ്ങളായ മാനസികഭാവങ്ങളത്രയും ദേവദാസിന്റെ കഥകളിൽ നിർല്ലീനസാന്നിദ്ധ്യങ്ങളായി മാറുന്നതും കാണാം. അതിൽ പ്രധാനം വിശപ്പിന്റെയും സഹനത്തിന്റെയും സഹജഭാവമായ ഹിംസ തന്നെ. ഹിംസയുടെ സൗന്ദര്യശാസ്ത്രം ശില്പചാതുരിയോടെ അവതരിപ്പിയ്ക്കുന്ന കഥകളാണ് വി.എം. ദേവദാസിന്റേത് എന്ന് മൂല്യനിർണ്ണയക്കമ്മിററി നിരീക്ഷിച്ചു.

ഡോ.കെ.പി. മോഹനൻ, ഡോ. വിജു നായരങ്ങാടി, ശ്രീ അശോക കുമാർ ഇടശ്ശേരി എന്നിവരാണ് കൃതികളുടെ മൂല്യനിർണ്ണയം ചെയ്തത്. സമിതി പ്രസിഡന്റ് പ്രൊഫ കെ.വി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ മൂല്യനിർണ്ണയക്കമ്മിററി യോഗം ചേർന്നാണ് തീരുമാനമെടുത്തത്.

ജിസൻ പി ജോസ്
സെക്രട്ടറി
ഇടശ്ശേരി സ്മാരക സമിതി
മൊബൈൽ: 9946669870

2023 ഡിസംബർ 15



പ്രൊഫ കെ.വി.രാമകൃഷ്ണൻ (പ്രസിഡന്റ്), പ്രൊഫ കെ.പി. ശങ്കരൻ (ഉപദേഷ്ടാവ്),
ഡോ.കെ.പി.മോഹനൻ (വൈസ് പ്രസിഡന്റ്),
ജിസൻ പി ജോസ് (സെക്രട്ടറി), ഇ.വിനോദ് (ട്രഷറർ)
ടി.വി.ശൂലപാണി (ജോ.സെക്രട്ടറി), പി.കെ. സദാനന്ദൻ (ജോ. സെക്രട്ടറി),
ഡോ. കെ.എം. ജയശ്രീ (ജോ.സെക്രട്ടറി).